# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5310** **02/07/2013- ൽ മറുപടിക്ക്**

## വിദ്യാസമ്പന്നരായ യുവാക്കളെ വ്യവസായ സംരംഭകരാക്കി വളർത്തിയെടുക്കുന്നതിന് പദ്ധതികൾ

**ചോദ്യം**

**ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി**

(എ) വിദ്യാസമ്പന്നരായ യുവാക്കളെ വ്യവസായ സംരംഭകരാക്കി വളർത്തിയെടുക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇവർക്ക് പരിശീലനം നൽകുന്നതിന് എന്തെല്ലാം പദ്ധതികൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

(എ) & (ബി) വിദ്യാസമ്പന്നരായ യുവാക്കളെ വ്യവസായ സംരംഭകരാക്കി വളർത്തിയെടുക്കുന്നതിന് കിൻഫ്രയുടെ കളമശ്ശേരിയിലുള്ള ഹൈടെക് പാർക്കിലുള്ള ടെക്നോളജി ഇൻക്യുബേഷൻ സെന്ററിൽ മോബ്മി കമ്മ്യൂണിക്കേഷൻസ് എന്ന സ്ഥാപനത്തിന് സ്റ്റാർട്ട് അപ്പ് വില്ലേജ് ആരംഭിക്കുന്നതിനായി 5000 ചതുരശ്ര അടി സ്ഥലം നല്കിയിട്ടുണ്ട്. ഇതു കൂടാതെ യുവാക്കളിൽ സംരംഭകത്വത്തെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും യുവാക്കളെ സംരംഭകത്വത്തിനായി പ്രോത്സാഹിപ്പിക്കുന്നതിനും സാങ്കേതികവും ബിസിനസ്സ് സംബന്ധവുമായ കഴിവുകൾ യുവാക്കളിൽ വളർത്തിയെടുക്കുന്ന തിനും സ്റ്റാർട്ട് അപ്പ് വില്ലേജിൽ തന്നെ ടെലിക്കമ്മ്യൂണിക്കേഷൻ, ഐ.റ്റി/ ഐ.റ്റി അധിഷ്ഠിത മേഖലയിലുള്ള അന്താരാഷ്ട്ര കമ്പനികളുടെ പ്രതിനിധികളുമായി ആശയ വിനിമയം നടത്തുന്നതിനും അവരിൽ നിന്ന് സംരംഭകത്വത്തെ സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കിയെടുക്കുന്നതിനും അവസരം ഒരുക്കുന്നു.

കൂടാതെ, വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് താല്പര്യമുള്ള സംരംഭകരെ കണ്ടെത്തുന്നതിനായി വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ജില്ല, താലൂക്ക്, ബ്ലോക്ക് തലത്തിൽ "അവയർനസ് പ്രോഗ്രാം" നടത്തുകയും അതിൽ നിന്നും തല്പരരായ സംരംഭകർക്ക് സംരംഭകത്വ വികസന പ്രോഗ്രാമുകളും നടത്തുന്നു. അതിനു ശേഷം

| | | | |
|---|---|---|---|
| | | | സാങ്കേതികമായ പരിജ്ഞാനം നൽകുന്നതിനായി ടെക്നോളജി ക്ലിനിക്ക് എന്ന പ്രോഗ്രാമും സംഘടിപ്പിക്കുന്നു. മേൽ ട്രെയിനിംഗ് കഴിഞ്ഞ ശേഷം സ്ഥാപനങ്ങൾ ആരംഭിക്കുന്നവർക്ക് ആവശ്യം വേണ്ട ലൈസൻസ് ക്ലിയറൻസ് എന്നിവ നേടി എടുക്കുന്നതിന് ജില്ലാ തലത്തിൽ ഏകജാലക സംവിധാനം/ഗ്രീൻ ചാനൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സിഡ്കോയുടെ നേതൃത്വത്തിൽ തൊഴിൽ കോഴ്സുകൾ നടന്നു വരുന്നു. |
| (സി) | പ്രാഗത്ഭ്യം തെളിയിക്കുന്ന ഇവർക്ക് സാമ്പത്തിക സഹായം ലഭിക്കുന്ന സ്കീമുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | വ്യവസായ വകുപ്പിന്റെ കീഴിൽ മേൽപ്പറഞ്ഞ ട്രെയിനിംഗ്/ബോധവൽക്കരണ സെമിനാർ എന്നിവ നടത്തിയ ശേഷം സംരംഭം തുടങ്ങുന്നവർക്ക് സാമ്പത്തികമായി സഹായം ലഭ്യമാക്കുന്നതിന് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ വ്യവസായ വകുപ്പ് ലഭ്യമാക്കുന്നു. കൂടാതെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി സംരംഭകത്വ സഹായ പദ്ധതി 01.04.2012 മുതൽ നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഈ പദ്ധതി പ്രകാരം പൊതു വിഭാഗത്തിൽപ്പെട്ട സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 15%, പരമാവധി 20 ലക്ഷം രൂപയും, യുവാക്കൾ, വനിത, പട്ടികജാതി, പട്ടികവർഗ്ഗ സംരംഭകർക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 20% പരമാവധി 30 ലക്ഷം രൂപയും മുൻഗണനാ വിഭാഗക്കാർക്കും പിന്നോക്ക ജില്ലകളിൽ ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് സ്ഥിരമൂലധന നിക്ഷേപത്തിന്റെ 10% പരമാവധി 10 ലക്ഷം രൂപ അധിക സാമ്പത്തിക സഹായമായി നൽകുന്നതാണ്. കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളിൽ നിന്നും ആധുനിക സാങ്കേതിക വിദ്യ സ്വന്തമാക്കി ആരംഭിക്കുന്ന സംരംഭങ്ങൾക്കും 10% പരമാവധി 10 ലക്ഷം രൂപ അധിക സഹായം ലഭിക്കും. |

സെക്ഷൻ ഓഫീസർ